**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **30-09-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അട്ടപ്പാടി അഗളി പോലീസ് 22.09.2023-ന് രജിസ്റ്റർ ചെയ്ത 153/2023 നമ്പർ എഫ്.ഐ.ആർ.മായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന് എത്ര അന്വേഷണറിപ്പോർട്ടുകൾ ലഭിച്ചുവെന്നും റിപ്പോർട്ടുകളിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നും വിശദമാക്കാമോ; | (എ) | ഈ കേസുമായി ബന്ധപ്പെട്ട് അഗളി DYSP ആയിരുന്ന ശ്രീ.എൻ.മുരളീധരൻ, അഗളി SHO ആയിരുന്ന ശ്രീ. സലീം എന്നിവർക്കെതിരെ ഭൂമാഫിയയുമായി ബന്ധം സ്ഥാപിച്ചതിനും ഔദ്യോഗികപദവി ദുർവിനിയോഗം നടത്തിയതിനും പരാതികൾ ശരിയായ വിധം അന്വേഷിക്കാത്തതിനും 27.10.23 തീയതി പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ No. 24/Camp/2023/P പ്രകാരം ഉള്ള സ്പെഷ്യൽ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ GO (Rt) No. 137/2024/ആഭ്യന്തരം, Dtd.11.01.24 പ്രകാരം സംയുക്തവാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും ആയത് നടത്താൻ IR ബറ്റാലിയൻ കമാണ്ടന്റ് ആയ ശ്രീ.ഷാഹുൽ ഹമീദിനെ ചുമതലപ്പെടുത്തുകയും അന്വേഷണം പൂർത്തിയാക്കി പി.ആർ മിനിട്ട്സ് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുളളതാണ്. ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലിരിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നത് ഉചിതമല്ല. |
| (ബി) | അന്വേഷണ റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകൾ എടുത്തുവെന്നും അതിൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റ കാലത്ത് വിജിലൻസ് കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ